LIBRARY ARCHIVES Kerala Legislative Assembly

കല്വി ഇലാകാ ടിസ്ടിറിക്ടുകളേ മാറ്റിയമൈത്തല്

* 297. [1024] ശ്രീ. എന്. കണപതി : കീഴ് കാണുമ് വിണക്കങ്ങുക്കു കല്വി മന്തിരി അവര്കള് വിടൈ പകര്വാര്കളാക :

(എ) കല്വി ഇലാകാ ടിസ്ടിറിക്ടുകളിന് എല്കൈ മുതലിയന മാറ്റിയമൈക്ക, കല്വി ഇലാകാ ഇയക്കുനര്, അങ്കങ്കേ എം. എല്. ഏ.-ക്കള്, ഏനൈയ അതികാരികള് ആകിയോരൈക് കൂട്ടി അവര്കളതു ആലോചനൈയൈക് കേട്കുമ് നടവടിക്കൈ മുടിവു പെറ്റതാ ;

(പി) ടിസ്ടിറിക്ടുകളേ മാറ്റി അമൈപ്പിൽ ഏതാവതു തീര്മാനമ് മുടിവാക അരചാങ്കമ് എടുത്തുള്ളതാ ;

(സി) ആയിന് അതന് മുഴു വിപരങ്കളേ ചപൈ മുന് കൂറലാമാ ?

Education Minister **(Shri C. H. Muhammed Koya) :**

(*a*) No.

(*b*) No.

(*c*) The question does not arise in view of answer to (*b*) above.

ശ്രീ. എന്. കണപതി : സര്, അപ്പടിയാനാല് കല്വിയിലാകാവിലുള്ള ടിസ്ടിറിക്ടുകളേ മാറ്റി അമൈക്കവേണ്ടുമെന്റുമ് മുന്പു പോല് ഇരുക്ക വേണ്ടുമ് എന്റുമ് മുടിവു ചെയ്യപ്പട്ടുള്ളതാ ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ : ഇല്ല

ശ്രീ. എന്. കണപതി : സര്, മലൈനാടു എടിയുകേഷന് ടിസ്ട്രിക്ടുകളേ സ്താപിക്ക താമതമാനാല് ഹൈരേഞ്ച് പ്രതേചത്തിലുള്ള ചാന്താമ്പാറൈ മറ്റുമ് പ്രതേചങ്കളിന് ചൌകരിയങ്കളേ ഉത്തേചിത്തു എടിയുകേഷന് ടിസ്ട്രിക്ടുകളേ എര്ണാകുളത്തില് അല്ലതു കോട്ടയത്തില് തലൈമൈ അലുവലകമാക്കപ്പടുമാ ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ : മിക്ക ജില്ലകളെ സംബന്ധിച്ചിടത്തോളവുമ് എം. എൽ. എ. മാരുമായിട്ട് ചർച്ചകൾ പൂർത്തിയാക്കിയിട്ടുണ്ട്. ഒന്നോ രണ്ടോ ജില്ലകളെ സംബന്ധിച്ചിടത്തോളം ആ ചർച്ച പൂർത്തിയാക്കിയിട്ടില്ല. അതിനുള്ള കാരണം മലനാടു ജില്ലയെ സംബന്ധിച്ചുള്ള തീരുമാനം ആകാത്തതുകൊണ്ടാണ്. മലനാടുജില്ല ആയതിനുശേഷം അതാകാമെന്നു വച്ചിരിക്കുകയാണ്.

ശ്രീ. എന്. കണപതി : ഉടനടി ഏറ്പടുത്ത തുരിത നടവടിക്കൈ എടുക്കപ്പടുമാ ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: ഒന്നാമത് മലനാടു ജില്ല ഉടനെ നടപ്പിലാക്കുക എന്നുള്ളത് വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിന്റെ ചുമതലയല്ല. മലനാടുജില്ല രൂപം എടുത്താൽ ഉടനെ ബഹുമാനപ്പെട്ട മെമ്പറൻമാരുമായിട്ടും മറ്റു ബന്ധപ്പെട്ട അദ്ധ്യാപകൻമാരുമായിട്ടും ചർച്ച ചെയ്തതിനുശേഷം ആളുകളുടെ സൗകര്യമനുസരിച്ച് സ്ഥാപിക്കപ്പെടും.

ശ്രീ. എൻ. കെ. ശേഷൻ: ഇതിൽ ഫൈനലായിട്ടുള്ള ഒരു തീരുമാനം ആയിട്ടില്ലെന്നു പറഞ്ഞു. എന്നത്തേയ്ക്കാകുമെന്ന് പറയാമോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: മലനാടു ജില്ലയുടെ അനിശ്ചിതാവസ്ഥ അവസാനിച്ചു കഴിഞ്ഞാലുടനെ ഫൈനലായിട്ടുള്ള തീരുമാനമാകുന്നതാണ്.

ശ്രീ. ഇ. അഹമ്മദ്: തലശ്ശേരി, കാസർകോട് എന്നീ വിദ്യാഭ്യാസ ജില്ലകളുടെ പ്രവർത്തനം വളരെ വിപുലമായതുകൊണ്ട് അവിടെയുള്ള ജനങ്ങൾക്ക് ഇന്ന് അനുഭവപ്പെടുന്ന വിഷമതകളും കണക്കിലെടുത്ത് ഇതിനെപ്പറ്റിയുള്ള തീരുമാനം ഫൈനലൈസ് ചെയ്യുന്നതിനുമുമ്പ് തന്നെ കണ്ണൂർ ഒരു വിദ്യാഭ്യാസ ജില്ല ഉണ്ടാക്കുന്ന കാര്യം പ്രത്യേകം പരിഗണിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: ഇക്കാര്യത്തിൽ കണ്ണൂരിനെ സംബന്ധിച്ചിടത്തോളം വളരെയധികം വിഷമതകളുണ്ടെന്നുള്ളത് ശരിയാണ്. പക്ഷെ ഇക്കാര്യത്തിൽ പീസ്മീലായി ചെയ്യുന്നത് ശരിയായിരിക്കുകയില്ല.

ശ്രീ. പി. ഗംഗാധരൻ: ഇതിനെ സംബന്ധിച്ചുള്ള ചർച്ചകളും നടന്നുവെന്നു പറഞ്ഞു, അത് എത്തെല്ലാം ജില്ലകളിൽവച്ചാണ് നടന്നതെന്ന് പറയാമോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: മലനാടുമായി ബന്ധപ്പെട്ട വിദ്യാഭ്യാസജില്ലകളും ഒഴിച്ച് ബാക്കിയുള്ളിടത്തെല്ലാംതന്നെ ചർച്ചകളും നടന്നിട്ടുണ്ട്.

ശ്രീ. എൻ. ഗണപതി: பாலாய் எடியூகேஷன் டிஸ்ரிக்ட்டை மலேநாடு என்று பெயரிடுவது மாற்றப்படுமா ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: കുട്ടി ജനിക്കുന്നതിനുമുമ്പ് പേരിടുന്നതെങ്ങിനെയാണ്?

ശ്രീ. പ. പി. ജോർജ്: മലനാടു ജില്ലയൊഴിച്ച് ബാക്കിയുള്ള ജില്ലകളിലെ വിദ്യാഭ്യാസ ജില്ലകളുടെ എണ്ണം വർദ്ധിപ്പിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: പുനഃസംവിധാനം നടത്തുമ്പോൾ വർദ്ധനവ് ഉണ്ടായിയെന്നും വരും.

ശ്രീ. പി. എസ്. നമ്പൂതിരി: മലനാടു ജില്ലയുമായി ബന്ധപ്പെടാത്ത മറ്റു പ്രദേശങ്ങളിലെ വിദ്യാഭ്യാസ കാര്യങ്ങളിൽ തീരുമാനം എടുക്കാൻ തയ്യാറാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: അതാണ് ഞാൻ പറഞ്ഞത് അങ്ങനെ ചെയ്യുന്നത് ശരിയായിരിക്കുകയില്ലെന്ന്. കേരള സംസ്ഥാനത്തിലെ എല്ലാ വിദ്യാഭ്യാസ ജില്ലകളുടേയും പുനഃസംവിധാനം ഒരേസമയത്ത് നടത്തുന്നതാണ് നല്ലത്.

ഡെപ്യൂട്ടി സ്പീക്കർ: ചോദ്യം 1025 ന് നേരത്തെ ഉത്തരം പറഞ്ഞിട്ടുള്ളതാണ്. അതുകൊണ്ട് അടുത്ത ചോദ്യമായ 1026 ന് ഉത്തരം പറയാം.

LIBRARY ARCHIVES Kerala Legislative Assembly